പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 673

11.07.2014 ൽ മറുപടിക്ക്

**ഭക്ഷ്യവസ്തുക്കളുടെയും ഇന്ധനങ്ങളുടെയും അനധികൃത കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ:<br>,, കെ.എം. ഷാജി:<br>,, കെ. മുഹമ്മദുണ്ണി ഹാജി:<br>,, പി.ബി. അബ്ദുൾ റസാക്: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിലൂടെ സബ്സിഡി നിരക്കിലും സൗജന്യമായും പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷ്യവസ്തുക്കളും ഇന്ധനങ്ങളും വ്യാപകമായികരിഞ്ചന്തയിലേയ്ക്ക് പോകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ബി) | 2012-ലും 2013-ലും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര അളവിലുള്ള വസ്തുവകകൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2012 ൽ ഇത്തരത്തിലുള്ള 103 കേസ്സുകളും 2013 ൽ 108 കേസ്സുകളും ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; 2012 ൽ 114503.5 കി.ഗ്രാം അരി, 29519.5 കി.ഗ്രാം ഗോതമ്പ്, 10618.63 കി.ഗ്രാം പഞ്ചസാര, 25856 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്തു. 2013 ൽ 906499 കി.ഗ്രാം അരി, 85687 കി.ഗ്രാം ഗോതമ്പ്, 2150 കി.ഗ്രാം പഞ്ചസാര, 25921 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | ഇവയുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (സി) | സ്ഥിരമായി ഉറവിടമുള്ളതായി കണ്ടെത്തിയിട്ടില്ല. ടി കേസ്സുകളിൽ മിക്കവയും സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന വഴിയിൽ വാഹനങ്ങളിൽ നിന്നും പിടിച്ചെടുത്തവയാണ്. കൂടാതെ ഗോഡൗണുകളിൽ നിന്നും അനധികൃത ശേഖരം കണ്ടെത്തിയവയുമുണ്ട്. |
| (ഡി) | പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച ശിക്ഷാ നടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) | പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച ശിക്ഷാ നടപടികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | 2012-13ലെ കേസുകൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| തിരുവനന്തപുരം | 43 | 33കേസുകളിന്മേൽ നടപടി തുടർന്നുവരുന്നു. 4 കേസുകളിൽ പിടിച്ചെടുത്ത സാധനങ്ങൾ വിട്ടുനൽകി. 3 കേസുകളിൽ പിഴ ഈടാക്കി സാധനങ്ങൾ വിട്ടുനൽകുകയും (25000രൂപ) 3കേസുകൾ പിഴ ഈടാക്കി (35000രൂപ) കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. |
| കൊല്ലം | 39 | പോലീസ് പിടിച്ചെടുത്തിട്ടുള്ളതിലും വകുപ്പ് പിടിച്ചെടുത്തിട്ടുള്ളതിലും ഇസി ആക്റ്റ് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് വിവിധ കോടതികളിൽ വിചാരണയിലാണ്. മറ്റുള്ള കേസുകളിൽ വകുപ്പ്തലനടപടികൾ നടന്നു വരുന്നു. |
| പത്തനംതിട്ട | 2 | കേസുകൾ ഇസി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് കോടതിയിൽ വിചാരണയിലാണ്. |
| ആലപ്പുഴ | 20 | കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കുകയും പിടിച്ചെടുത്ത വസ്തുക്കൾ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്യുന്നു. കേസുകൾ കോടതിയിൽ നടപടികൾ തുടരുന്നു. |
| കോട്ടയം | 3 | കേസുകൾ ഇസി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തു വിവിധ കോടതികളിൽ നടപടികൾ തുടരുന്നു. |
| ഇടുക്കി | 1 | പ്രതികളെ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിനടപടികൾ തുടർന്നു വരുന്നു. |
| എറണാകുളം | 24 | അവശ്യസാധനനിയമ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. |
| തൃശ്ശൂർ | 14 | റേഷൻ കടകൾ സസ്പെന്റ് ചെയ്തു. അവശ്യസാധനനിയമ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. |
| പാലക്കാട് | 16 | ഇസി ആക്റ്റ് പ്രകാരം എടുത്ത ശിക്ഷാനടപടിയെത്തുടർന്ന് പിടിച്ചെടുത്ത സാധനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും അവ പൊതുവിതരണ ശൃംഖല വഴി വിറ്റഴിച്ച് സർക്കാർ ഖജനാവിൽ സൂക്ഷിക്കുകയും ചെയ്യുന്നു. |
| മലപ്പുറം | 10 | പിടിച്ചെടുത്ത സാധനങ്ങളിന്മേൽ ഇസി ആക്റ്റ് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും അവ വിറ്റഴിച്ച് സർക്കാർ ഖജനാവിൽ അടവാക്കുകയും ചെയ്യുന്നു. |
| വയനാട് | ഇല്ല | ബാധകമല്ല |
| കണ്ണൂർ | 8 | പിടിച്ചെടുത്ത വസ്തുക്കളിന്മേൽ കേസ് രജിസ്റ്റർ ചെയ്യുകയും നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കൂടാതെ പിഴയിനത്തിലും പൊതുവിപണിയിൽ വിറ്റഴിച്ച തുകയും സർക്കാർ ഖജനാവിൽ അടവാക്കിയിട്ടുണ്ട്. |
| കാസർഗോഡ് | 14 | പിടിച്ചെടുത്ത സാധനങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടിയിട്ടുണ്ട്. ശിക്ഷാനടപടികൾ തുടരുന്നു. |
| കോഴിക്കോട് | 17 | EC ആക്ട് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും പിടിച്ചെടുത്തവ പൊതുവിതരണ ശൃംഖലയിലൂടെയും പൊതുവിപണിയിലും വിറ്റഴിക്കുകയും വിറ്റഴിച്ച തുക സർക്കാർ ഖജനാവിൽ അടവാക്കുകയും ചെയ്യുന്നു |